**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4213** **18-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ മലപ്പുറം ജില്ലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | 2016 മുതൽ നാളിതുവരെ മലപ്പുറം ജില്ലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ടി പദ്ധതികൾ മുഖേന സംരംഭകരിൽ അവബോധം വരുത്തുകയും പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ കൈതാങ്ങ് സഹായങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം വഴി നൽകി വരുന്നുണ്ട്.<br><br>സംരംഭക സഹായ പദ്ധതി, ഏകജാലക സംവിധാനം, എന്റർപ്രണേഴ്സ് ഡവലപ്മെന്റ് പ്രോഗ്രാം, ടെക്നോളജി ക്ലിനിക് പ്രോഗ്രാം, കോവിഡ് 19 ആശ്വാസ പദ്ധതിയായ വ്യവസായ ഭദ്രത എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിലും താലൂക്ക് തലങ്ങളിലും വ്യവസായ വികസനത്തിന് ഊർജം പകരുന്നതിലേക്കായി റിസോഴ്സ് പേഴ്സൺ -മാരെ നിയമിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽ 18601 പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിലേക്കായി 106 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കായി 122 ഇന്റേൺസിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ നടപടികളുടെ ഭാഗമായി എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചെന്ന് വ്യക്തമാക്കുമോ? | (ബി) | മേൽ നടപടികളുടെ ഭാഗമായി മലപ്പുറം ജില്ലയിൽ 2016 മുതൽ നാളിതുവരെയായി പുതിയതായി 7140 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ